(ബി) ശ്രീ. എ. കെ. ആന്റണി മന്ത്രിസഭയായിരുന്നു അന്ന് നിലവിലിരുന്നത്. 2004-05-ലെ സപ്ലിമെന്ററി ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 182 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രവർത്തികൾ 2005-ൽ ആരംഭിച്ചിട്ടുണ്ട്.

(സി) ഈ പ്രവർത്തികൾ വളരെ വേഗത്തിൽ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുടെ ഒന്നും രണ്ടും പണികൾ 35 ശതമാനവും നാലാമത്തെ പണി 45 ശതമാനും കഴിഞ്ഞു. മൂന്നാമത്തെ പണിയുടെ ഉത്തരവ് ഉടൻ നൽകുന്നതാണ്. ഇതും എത്രയും വേഗം എഗ്രിമെന്റ് വച്ച് പണി തുടങ്ങുന്നതാണ്. ഈ പണികളെല്ലാം തന്നെ നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

പലകപ്പാണ്ടി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി

85 [542] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലകപ്പാണ്ടി പദ്ധതിയുടെ പണി എന്നേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ബി) അതിന്റെ പണി പ്രസ്തുത തീയതിക്ക് പൂർത്തിയാക്കുവാൻ എന്തെല്ലാം ഏർപ്പാടുകളുണ്ടാക്കിയിട്ടുണ്ട്; ഓരോ മാസവും ചെയ്യുവാനുള്ള പണിയുടെ ഫിസിക്കൽ ടാർജറ്റും അതിനനുസൃതമായ ഫൈനാൻഷ്യൽ ടാർജറ്റും ഫിക്സ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം ചെയ്യുമോ;

(സി) ഓരോ മാസാവസാനവും ഈ ടാർജറ്റ് അറ്റെയിൻ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുമോ; ഓരോ മാസത്തിന്റേയും അവസാനത്തിൽ പദ്ധതിയുടെ ബാക്കി ചെയ്ത് തീർക്കാനുള്ള പണികളെപ്പറ്റി റിവ്യൂ ചെയ്യുകയും പണി യഥാസമയം ചെയ്തു തീർക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുമോ?

ഉത്തരം

(എ) 2006-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ബി ആന്റ് സി) ഈ പദ്ധതിയുടെ പണി നാല് ഭാഗങ്ങളായി തിരിച്ച് മൂന്ന് പണികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. നാലാമത്തെ ഭാഗത്തിന്റെ ടെണ്ടർ പരിഗണനയിലാണ്. എഗ്രിമെന്റ് വച്ച മൂന്ന് പണികളും ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ഒന്നും രണ്ടും പണികൾ 35 ശതമാനവും നാലാമത്തേതിന്റെ 45 ശതമാനവും പൂർത്തിയായിട്ടുണ്ട്. ഈ പണികളുടെ ഫിസിക്കൽ ടാർജറ്റ് ചീഫ് എഞ്ചിനീയർ യഥാസമയങ്ങളിൽ അവലോകനം നടത്തുന്നുണ്ട്. കൂടാതെ ഇടയ്ക്കിടയ്ക്ക് സർക്കാർ തലത്തിൽ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഈ വർക്കിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് തലത്തിൽ രണ്ടാഴ്ച കൂടുമ്പോൾ തന്നെ അവലോകനം നടത്തുന്നുണ്ട്. പണി പുരോഗമിക്കുവാനുള്ള നിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്. ഈ പണികൾ നിർദ്ദിഷ്ട സമയത്തുതന്നെ തീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly